# SYRO MALABAR CULTURAL ASSOCIATION, KUWAIT

*The Guardians of a Glorious Tradition*

I.E. Reg: INDEMB/KWT/ASSN/121

## PEARL JUBILEE
# കലോത്സവം 2025

## പൊതുനിർദ്ദേശങ്ങൾ

**1. കലാ മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യതകൾ**

**A.** SMCA സജ്ജീവ അംഗങ്ങളും അവരുടെ (വരുമാനമില്ലാത്ത) മക്കളും .
**B.** 2021 ഒക്ടോബർ 1ന് മുൻപ് ജനിച്ചവർ.
**C.** SMCA അംഗത്വവും FBS ഉം 31.10.2025 ന മുമ്പായി പുതുക്കാത്തവർക്ക് മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയില്ല.

**2.** വ്യക്തിഗത ഇനങ്ങൾക്കുള്ള ഓൺലൈൻ രജിസ്ട്രേഷനുള്ള സൗകര്യം 2025 സെപ്റ്റംബർ 15-ാം തീയതി മുതൽ ഒക്ടോബർ 10-ാം തീയതി വരെ ഉണ്ടായിരിക്കുന്നതാണ്. ഒക്ടോബർ 10-ാം തീയതിക്കു ശേഷമുള്ള രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാൻ SMCA യുടെ ഔദ്യോഗിക വെബ്സൈറ്റായ www.smcakuwait.org സന്ദർശിക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കാത്തവർ നിശ്ചിത ഫോം പൂരിപ്പിച്ച് വാർഡ് പ്രതിനിധികളുടെ കൈവശം 2025 ഒക്ടോബർ 10-ാം തീയതിക്ക് മുൻപായി നല്കേണ്ടതാണ്.

**3.** ഗ്രൂപ്പ് ഇനങ്ങളിൽ മത്സരിക്കുന്നവർ ഇതോടൊപ്പമുള്ള ഫോം പൂരിപ്പിച്ച് 2025 ഒക്ടോബർ 10-ാം തീയതിക്ക് മുൻപായി അതാത് Area Arts & Sports Co-ordinator വശം കൊടുക്കേണ്ടതാണ്.

**4.** വ്യക്തിഗത ഇനങ്ങളിൽ ഓരോ മത്സരാർത്ഥികൾക്കും പരമാവധി 3 ഇനങ്ങളിൽ മാത്രമേ മത്സരിക്കാൻ അനുവാദമുള്ളൂ. നോൺ സ്റ്റേജ് മത്സരങ്ങൾക്കും ഗ്രൂപ്പ് മത്സരങ്ങൾക്കും ഈ പരിധി ബാധകമല്ല

**5. Open Canvas** ഒഴികെ മറ്റ് ഒരു മത്സരത്തിനും സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതല്ല.

**6.** മത്സരാർത്ഥിയുടെ രജിസ്ട്രേഷനിൽ എന്തെങ്കിലും കൃത്രിമം നടന്നു എന്ന് മത്സരത്തിന് മുൻപോ ശേഷമോ തെളിയിക്കപ്പെടുകയാണെങ്കിൽ മത്സരാർത്ഥി അയോഗ്യരാക്കപ്പെടും.സമ്മാനങ്ങൾ തിരിച്ചെടുക്കുകയും, പ്രസ്തുത സമ്മാനം അടുത്ത സമ്മാനാർഹർക്ക് നൽകുകയും ചെയ്യും.

**7.** ഫോക് ഡാൻസ്, ക്ലാസിക്കൽ ഡാൻസ്, Open Canvas, ലഘുനാടകം എന്നീ ഇനങ്ങൾ കേന്ദ്രതലത്തിൽ നടത്തപ്പെടും. ഈ ഇനങ്ങൾക്ക് ഏരിയാ തലത്തിൽ മത്സരം ഉണ്ടായിരിക്കുന്നതല്ല

**8.** Essay Writing, Colouring the Sketch, Pencil Drawing, ചെറുകഥയെഴുത്ത് എന്നീ മത്സരങ്ങൾ അതാത് ഏരിയകളിൽ വച്ച് CMC യുടെ മേൽനോട്ടത്തിൽ നടത്തുന്നതാണ്.

**9.** മറ്റെല്ലാ ഇനങ്ങൾക്കും ഏരിയാ തലത്തിൽ മത്സരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഈ മത്സരങ്ങൾ ഒക്ടോബർ 20 മുതൽ നവംബർ 5 വരെയുള്ള ദിവസങ്ങളിൽ അതാത് ഏരിയകളിൽ വച്ച് നടത്തപ്പെടും.

**10.** ഓരോ ഏരിയായിൽ നിന്നും ഫൈനൽ മത്സരങ്ങൾക്കായി തിരഞ്ഞെടുക്കപ്പെടുന്നവരുടെ എണ്ണം താഴെ പറയുന്നു.

**വ്യക്തിഗത മത്സരങ്ങൾ –** ഫഹാഹീൽ – 6, സാൽമിയ – 4, സിറ്റി ഫർവാനിയ – 4, അബ്ബാസിയ – 12

**ഗ്രൂപ്പ് ഇനങ്ങൾ –** ഫഹാഹീൽ – 3, സാൽമിയ – 2, സിറ്റി ഫർവാനിയ – 2, അബ്ബാസിയ – 6

**ലഘു നാടകം –** ഫഹാഹീൽ – 1, സാൽമിയ – 1, സിറ്റി ഫർവാനിയ – 1, അബ്ബാസിയ – 2

**11.** ഓരോ മത്സരങ്ങളിലും അനുവദിച്ച സമയപരിധിയിൽ നിന്ന് 30 സെക്കന്റ് വരെ കൂടിയാൽ 5% മാർക്കും, 31 മുതൽ 60 സെക്കന്റ് വരെ കൂടിയാൽ 10% മാർക്കും, ജഡ്ജസ് നൽകിയ ആകെ മാർക്കിൽ നിന്നും കുറവ് വരുന്നതാണ്. എന്നാൽ അനുവദിച്ച സമയപരിധിയിൽ നിന്നും മത്സരം ഒരു മിനിറ്റിൽ അധികമായാൽ, അധികം വരുന്ന ഓരോ മിനിറ്റിനും 25% മാർക്ക് വീതം ആനുപാതികമായി കുറവ് വരുന്നതായിരിക്കും

**12.** മത്സരത്തിന് 15 മിനിറ്റ് മുൻപ് ഡാൻസിന്റെ ഗാനം മാത്രമടങ്ങുന്ന Flash Drive ചെസ്റ്റ് നമ്പർ രേഖപ്പെടുത്തി ബന്ധപ്പെട്ട സ്റ്റേജ് മാനേജരെ ഏൽപ്പിക്കേണ്ടതാണ്. മറ്റ് പാട്ടുകൾ ഈ Flash Drive ൽ ഉണ്ടാവാൻ പാടുള്ളതല്ല. സംഘാടകരുടെ Lap Top ൽ ഈ Flash Drive വർക്ക് ചെയ്യുന്നുണ്ട് എന്ന് മത്സരാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

**13.** മത്സരം തുടങ്ങിയ ശേഷം പുറത്ത് നിന്നുള്ള ഒരു സഹായവും സ്വീകരിക്കാൻ പാടുള്ളതല്ല.

**14.** എല്ലാ മത്സരങ്ങൾക്കും മത്സരം തുടങ്ങുമ്പോഴും സമയ പരിധി അവസാനിക്കുമ്പോഴും ബെൽ അടിക്കുന്നതായിരിക്കും.

**15.** 30–ാം മത് SMCA കലോത്സവത്തിന്റെ Rules & Regulations നോ SMCA നിയമാവലിക്കോ വിരുദ്ധമായി എന്തെങ്കിലും കാര്യങ്ങൾ ശ്രദ്ധയിൽ പെട്ടാൽ, ആ മത്സരം നിറുത്തി വയ്ക്കുന്നതിനോ , റദ്ദാക്കുന്നതിനോ സ്റ്റേജ് മാനേജർക്ക് അധികാരമുണ്ടായിരിക്കും. ഇങ്ങനെയുള്ള അവസരങ്ങളിൽ സ്റ്റേജ് മാനേജർ Central Arts & Sports Convener മായും SMCA Executive officials മായും ബന്ധപ്പെടേണ്ടതാണ്. തർക്കാവസ്ഥ തുടരുന്ന പക്ഷം ജഡ്ജസ്സിന്റെ തീരുമാനം അന്തിമമായിരിക്കും.

**16.** സാങ്കേതിക തകരാറുകൾ മൂലം മത്സരം തടസ്സപ്പെടുകയാണെങ്കിൽ മത്സരത്തിന്റെ അവസാനം ഒരവസരം കൂടി മത്സരാർത്ഥിക്ക് ലഭിക്കുന്നതായിരിക്കും.

**17.** ഒരോ മത്സരത്തിനും 3 മത്സരാർത്ഥികൾ (Individual/Team) എങ്കിലും രജിസ്റ്റർ ചെയ്തിട്ടില്ല എങ്കിൽ ആ മത്സരം ഉണ്ടായിരിക്കുന്നതല്ല.

**18.** ഒരു ഏരിയായിൽ നിന്ന് മാത്രം ഒരു മത്സരത്തിന് 3 Individual/Team രജിസ്റ്റർ ചെയ്യുകയും 3 ൽ താഴെ Individual/Team പങ്കെടുക്കുകയും ചെയ്താൽ സമ്മാനം നല്കും, പക്ഷെ പോയിന്റുകൾ നല്കുന്നതല്ല. എന്നാൽ 3 Individual/Team പങ്കെടുത്താൽ സമ്മാനവും പോയിന്റുകളും നല്കും.

**19.** ഒന്നിൽ കൂടുതൽ ഏരിയകളിൽ നിന്നും ഒരു മത്സരത്തിന് 3 Individual/Team രജിസ്റ്റർ ചെയ്യുകയും, മത്സരസമയം 3 ൽ താഴെ Individual/Team വരുകയും ചെയ്താൽ Individual/Team നെ മത്സരിപ്പിക്കുകയും സമ്മാനവും പോയിന്റുകളും നൽകുന്നതുമായിരിക്കും.

**20.** **പോയിന്റുകൾ:**

**ഒന്നാം സ്ഥാനം – 5, രണ്ടാം സ്ഥാനം – 3, മൂന്നാം സ്ഥാനം – 1**

**21.** **ഓരോ ഗ്രൂപ്പിലേയും കലാതിലകം അല്ലെങ്കിൽ കലാപ്രതിഭയെ തീരുമാനിക്കുന്നത്, മത്സരാർത്ഥി നേടുന്ന വ്യക്തിഗത ഇനങ്ങളിലെ ആകെ പോയിന്റിന്റെ അടിസ്ഥാനത്തിലായിരിക്കും. ഏതെങ്കിലും ഗ്രൂപ്പിൽ വ്യക്തിഗത ഇനങ്ങളിലെ പോയിന്റുകൾ പരിഗണിക്കുമ്പോൾ, ഒന്നിൽ കൂടുതൽ മത്സാർത്ഥികൾക്ക് ഒരേ പോയിന്റ് വരുകയാണെങ്കിൽ , ഈ മത്സരാർത്ഥികളുടെ ഗ്രൂപ്പ് ഇനങ്ങളിലെ പോയിന്റുകൾ പരിഗണിക്കുന്നതാണ്**. ശേഷവും ഒരേ **പോയിന്റുകൾ** വരുകയാണെങ്കിൽ കൂടുതൽ ലഭിച്ച ഒന്നാം സമ്മാനങ്ങൾ കൂടി **പരിഗണിച്ചായിരിക്കും കലാതിലകം അല്ലെങ്കിൽ കലാപ്രതിഭയെ നിശ്ചയിക്കുക. ഓരോ ഗ്രൂപ്പിൽ നിന്നും ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ഒരു വ്യക്തിക്ക് മാത്രമേ സമ്മാനം നല്കുകയുള്ളൂ. ഈ വ്യക്തി പെൺകുട്ടി അല്ലെങ്കിൽ സ്ത്രീ ആണെങ്കിൽ കലാതിലകമായും, ആൺകുട്ടി അല്ലെങ്കിൽ പുരുഷൻ ആണെങ്കിൽ കലാപ്രതിഭയായും തിരഞ്ഞെടുക്കപ്പെടുന്നതാണ്**.

**22.** ഒരോ കാറ്റഗറി/ഗ്രൂപ്പിൽ നിന്നും വ്യക്തിഗത ഇനങ്ങളിൽ കൂടുതൽ പോയന്റ് നേടുന്ന ഏരിയാകൾക്ക് പ്രത്യേക ട്രോഫി നല്കുന്നതാണ്

**23.** **30-ാമത്** SMCA **കലോത്സവത്തിനെ പറ്റിയുള്ള ചോദ്യങ്ങളും പരാതികളും അറിയിക്കുന്നതിന് സംഘടനയുടെ പ്രധാന ഭാരവാഹികളെ സമീപിക്കേണ്ടതാണ്**.

**24.** **ഓരോ മത്സരങ്ങളുടേയും പ്രത്യേകമായ** Rules & Regulations, **മത്സര ഇനങ്ങൾ എന്നിവ** SMCA **യുടെ ഔദ്യോഗിക** Website **ആയ** www.smcakuwait.org **ൽ ലഭ്യമാണ്**.

************************************************